# C. S. (Main) Exam : 2011

D-DTN-L-NMB

# MALAYALAM

## Paper II

## (Literature)

*Time Allowed : Three Hours*

*Maximum Marks : 300*

***INSTRUCTIONS***

***Candidates should attempt questions 1 and 5 which are compulsory, and any THREE of the remaining questions selecting at least ONE question from each Section.***

***The number of marks carried by each question is indicated at the end of the question.***

***Answers must be written in Malayalam.***

## SECTION A

1. സന്ദർഭം സൂചിപ്പിച്ച് ആശയം വിശദമാക്കി സാരസ്യം വ്യക്തമാക്കുക. ഓരോ ഉത്തരവും ഇരുന്നൂറ് വാക്കിൽ കവിയരുത് : *20×3=60*

 (a) വിശ്വസംസ്കാര പാലകരാകും
 വിജ്ഞരേ, യുഗം വെല്ലുവിളിപ്പൂ;
 ആകുമോ ഭവാന്മാർക്കു നികത്താൻ
 ലോകസാമൂഹ്യ ദുർന്നിയമങ്ങൾ
 സ്നേഹസുന്ദരപാതയിലൂടെ ?
 വേഗമാവട്ടെ, വേഗമാവട്ടെ.

(b) നീർത്താനിന്ദൂപലമിവ, തെളിഞ്ഞാമ്പൽ
പോലേ ചിരിച്ചാൻ,
ആർത്താൻ വണ്ടിൻകുലമിവ,
വളർന്നാൻ പയോരാശിപോലെ,
പീത്വാ രൂപാ മൃതമിളകിനാനേഷ
ചെമ്പോത്തു പോലെ,
കൂഴ്ത്താൻ കാമീമദനനിവ,
പോന്നാഗതേ വീരചന്ദ്രേ.

(c) ചരിതാർത്ഥതയാർന്ന ദേഹിയിൽ
തിരിയെശ്ശോഭനമല്ല ജീവിതം
പിരിയേണമരങ്ങിൽനിന്നുടൻ
ശരിയായിക്കളിതീർന്ന നട്ടുവൻ.

*(താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾ അടിസ്ഥാനമാക്കി ഉപന്യാസം രചിക്കുക. ഓരോ ചോദ്യവും മൂന്ന് ഉപചോദ്യങ്ങൾ ചേർന്നതാണ്. എല്ലാ ഉപചോദ്യങ്ങൾക്കും പ്രത്യേകം പ്രത്യേകം ഉത്തരങ്ങൾ എഴുതണം. ഉപചോദ്യം ഓരോന്നിനും 20 മാർക്കു വീതം.)*

2. തുഞ്ചത്തെഴുത്തച്ഛന്റെ മഹാഭാരതം കിളിപ്പാട്ടിനു് മലയാളത്തിലെ പുരാണകഥാ ഖ്യാനങ്ങളായ 'രാമചരിതം', 'കണ്ണശ്ശ രാമായണം' എന്നിവയെ ബഹുദൂരം പിന്നിലാക്കുവാൻ കഴിഞ്ഞതു് എങ്ങനെയെന്നു് താഴെപ്പറയുന്ന ചോദ്യങ്ങൾക്കു് പാഠ്യഭാഗങ്ങൾ ആസ്പദിച്ചു് ഉത്തരമെഴുതി സമർത്ഥിക്കുക. *20×3=60*

(a) ഭാരതം കിളിപ്പാട്ടിന്റെ സംക്ഷേപണ വിഷയകമായ സവിശേഷതയെന്ത് ?

(b) സാഹിത്യഭംഗിമാത്രമല്ല ഭക്തിഭാവ ചിത്രണവും ജീവിതചിന്തയും ഭാരതം കിളിപ്പാട്ടിന്റെ പ്രധാന്യത്തിനു നിദാനമല്ലേ ?

(c) പ്രതിപാദ്യവിഷയത്തിന് അനുയോജ്ജ്യമായതും നിലവാരമുള്ളതുമായ കാവ്യഭാഷ പ്രസ്തുത കൃതിയുടെ സാഹിത്യമൂല്യത്തിന് പരിപോഷകമായിരുന്നില്ലേ ?

3. ഭർതൃപരിത്യക്തമായ സീതാദേവി വാല്മീകിയുടെ ആശ്രമത്തിൽ ഒരു ഏകാന്തസ്ഥലത്തിരുന്ന് ചെയ്യുന്ന ചിന്തകളാണ് 'ചിന്താവിഷ്ടമായ സീത' എന്ന കൃതിയുടെ പ്രധാനവിഷയം എന്നുള്ള ഗ്രന്ഥകർത്താവിന്റെ അഭിപ്രായത്തോടു് നിങ്ങൾ യോജിക്കുന്നുവോ ? താഴെക്കൊടുക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതി വിശദമാക്കുക. *20×3=60*

(a) നമുക്കു സുപരിചിതമായ സീതയാണോ ഖണ്ഡകാവ്യത്തിലെ സീത ?

(b) വാല്മീകിയുടെ സീതയുടെ മഹത്വത്തിനും ദിവ്യതയ്ക്കും മങ്ങൽ ഏല്പിക്കാത്തതാണ് ആശാന്റെ സീതയുടെ വിചാരഗതികൾ എന്നവകാശപ്പെടാമോ ?

(c) വാല്മികി നിലം ഉഴുതുമറിച്ചു വിത്തിറക്കി യതിന്റെ വിളവു് ആശാൻ കൊയ്തെടുത്തതാണു് 'ചിന്താവിഷ്ടയായ സീത' എന്ന വാദം അതിർകടന്നതല്ലേ ?

4. കേരളത്തിലെ സാമൂഹിക - സാമ്പത്തിക മണ്ഡലങ്ങളിൽ കഴിഞ്ഞ അരന്നൂറ്റാണ്ടിനു മുൻപ് തുടങ്ങിവച്ച പരിവർത്തനങ്ങളുടെ ചിത്രമാണോ പണ്ടത്തെ മേശാന്തി എന്ന കവിത കാഴ്ച വയ്ക്കുന്നതു് ? താഴെ ച്ചേർക്കുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളിലൂടെ പരിശോധിക്കുക. *20×3=60*

(a) ഇക്കവിതയുടെ സാമൂഹികവും സാമ്പത്തികവുമായ പശ്ചാത്തലം എന്താണു് ?

(b) സാമൂഹിക - സാമ്പത്തിക രംഗങ്ങളിലുണ്ടായ പുരോഗതിക്കു് അടിസ്ഥാനമായ വസ്തുതകളേവ ?

(c) ജാതിക്കോയ്മയ്ക്കും ജന്മിത്വത്തിനും ഉണ്ടായിരുന്ന ഭൂതകാലപ്രൗഢി കവി എങ്ങനെ വരച്ചു കാണിക്കുന്നു ?

## SECTION B

5. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഓരോന്നും ഇരുന്നൂറ് വാക്കിൽ കവിയരുതു് :

*20×3=60*

(a) 'ഇന്ദുലേഖയിലെ സാംസ്കാരികതലം (കുടുംബ പ്രശ്നങ്ങളും ആചാരമര്യാദകളും) വിശദമാക്കുക.

(b) മാരാരുടെ സാഹിത്യവിദ്യയോ സൗന്ദര്യബോധമോ അല്ല യുക്തിചിന്തയും ധർമ്മാ ധർമ്മ വിവേകവുമാണു് 'ഭാരതപര്യടന' ത്തിൻ പ്രകടമാകുന്നതു്. അംബ എന്ന പ്രബന്ധം അടിസ്ഥാനപ്പെടുത്തിനിരൂപിക്കുക.

(c) 'ആ അയ്യപ്പൻ കാവിലെ അന്തരീക്ഷത്തിൽ ആ തിയ്യാടിപ്പെൺകുട്ടി കൊളുത്തിത്തന്ന കെടാ വിളക്കാണു് പില്ക്കാല ജീവിതത്തിൽ എനിക്കു മാർഗ്ഗനിർദ്ദേശം നല്കിയ മഹാജ്യോതിസ്സ് !'
— ഈ വാക്യതിന്റെ പൊരുൾ എന്തെന്നു വിശദമാക്കുക.

*(താഴേ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾ അടിസ്ഥാനമാക്കി ഉപന്യാസം രചിക്കുക. ഓരോ ചോദ്യവും മൂന്ന് ഉപചോദ്യങ്ങൾ ചേർന്നതാണ്. എല്ലാ ഉപചോദ്യങ്ങൾക്കും പ്രത്യേകം പ്രത്യേകം ഉത്തരങ്ങൾ എഴുതണം. ഉപചോദ്യങ്ങൾ ഓരോന്നിനും 20 മാർക്ക് വീതം.)*

**6.** 'ചെമ്മീൻ' എന്ന നോവലിന്റെ അനിതരസാധാരണമായ കലാമൂല്യത്തിന് നിദാനമായ വസ്തുതകൾ താഴെച്ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളിലൂടെ വിശദമാക്കുക. *20×3=60*

(a) 'ചെമ്മീനി' ലേതു് ഉജ്വലമായ ഒരു പ്രണയകഥയാണോ ?

(b) റിയലിസത്തെക്കാൾ കാല്പനികതയ്ക്കാണു് 'ചെമ്മീനിൽ സ്ഥാനമെന്നു കരുതാമോ ?

(c) അരയ സമുദായവും അവരുടെ വിശ്വാസ പ്രമാണങ്ങളും ഈനോവലിൽ അന്തർദ്ധാരയായി വർത്തിക്കുന്നില്ലേ ?

**7.** '1128-ൽ ക്രൈം 27' അടിസ്ഥാനപ്പെടുത്തി താഴെക്കൊടുക്കുന്ന ചോദ്യങ്ങൾക്കു് ഉത്തരം എഴുതുക. *20×3=60*

(a) . നാടകനിഷേധപരമായ നാടകമാണിതു് എന്ന പ്രസ്താവം എത്രമാത്രം സാധുവാണു്.

(b) വധശിക്ഷയ്ക്കാസ്പദമായ നിയമസംഹിത അപര്യാപ്തമെന്ന് നാടകകൃത്ത് കരുതുന്നുണ്ടോ ?

(c) നാടകത്തിന്റെ സവിശേഷമായ രൂപ ഘടനയ്ക്കും രൂപ ഭദ്രതയ്ക്കും കോട്ടം തട്ടാത്തവിധം ക്രൈം നാടകം അംഗാംഗി പ്പൊരുത്തത്തോടെ നിലകൊള്ളുന്ന തെങ്ങനെ ?

8. 'ചങ്ങമ്പുഴ കൃഷ്ണപിള്ള നക്ഷത്രങ്ങളുടെ സ്നേഹഭാജനം' എന്ന കൃതി ആസ്പദമാക്കി താഴെച്ചേർക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക : *20×3=60*

(a) ജീവചരിത്രമെന്ന നിലയിൽ ഈ കൃതിയെ നിങ്ങൾ എങ്ങനെ വിലയിരുത്തുന്നു ?

(b) ഈ കൃതിയിലെ കല്പിതാംശങ്ങൾ എന്നു കരുതാവുന്ന ഭാഗങ്ങൾക്ക് ചങ്ങമ്പുഴ എന്ന വ്യക്തിയുമായി എന്തു ബന്ധമാണുള്ളത് ?

(c) ഗ്രന്ഥകാരന്റെ കവിപൂജ പ്രസ്തുത ജീവചരിത്രത്തിന് നേട്ടമാണോ കോട്ടമാണോ വരുത്തിയത് ?